"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് -പി.എം.എ.വൈ (നഗരം)-ലൈഫ് സംസ്ഥാനതല /നഗരതല സാങ്കേതിക സെല്ലുകളിലെ കരാർ ജീവനക്കാരുടെ 01.03.2026 മുതൽ 30.09.2026 വരെയുള്ള വേതനത്തിനും പദ്ധതി സംബന്ധിച്ച മറ്റ് ചെലവുകൾക്കുമായി തുക വിനിയോഗിക്കാൻ അനുമതി നൽകി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.1043/2026/LSGD തീയതി,തിരുവനന്തപുരം, 21-05-2026

---

പരാമർശം:-

1. സ.ഉ.(സാധാ) നം. 797/2025/LSGD തീയതി 25.03.2025
2. സ.ഉ.(സാധാ)നം.1626/2025/LSGD തീയതി30.06.2025.
3. സ.ഉ.(സാധാ) നം. 12/2026/LSGD തീയതി 01.01.2026.
4. സ.ഉ.(സാധാ)നം.490/2026/LSGD തീയതി 26.02.2026.
5. സ.ഉ.(സാധാ)നം.960/2026/LSGD തീയതി 06.05.2026
6. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 14.05.2026-ലെ KSHO/1123/2026-N നമ്പർ കത്ത്.

**ഉത്തരവ്**

പി.എം.എ.വൈ(നഗരം)-ലൈഫ് പദ്ധതിയുടെ കീഴിൽ സ്റ്റേറ്റ് ലെവൽ ടെക്നിക്കൽ സെൽ/സിറ്റി ലെവൽ ടെക്നിക്കൽ സെൽ (SLTC/CLTC) എന്നിവയിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാരുടെ സേവന കാലാവധി പരാമർശം (1) മുതൽ (4) വരെ ഉത്തരവുകൾ പ്രകാരം 30.09.2026 വരെ ദീർഘിപ്പിച്ച് നൽകിയിരുന്നു. പരാമർശം (1) പ്രകാരം പ്രസ്തുത ജീവനക്കാരുടെ ഹോണറേറിയം കുടുംബശ്രീയിൽ ലഭ്യമായ BSUP/IHSDP ഫണ്ടിലെ സംസ്ഥാന

വിഹിതത്തിന്റെ പലിശ തുകയിൽ നിന്നും വിനിയോഗിക്കാൻ അനുമതി നൽകിയിരുന്നു. 2005 - 2017 കാലയളവിൽ കുടുംബശ്രീ മുഖേന നടപ്പിലാക്കിയ കേന്ദ്ര സംസ്ഥാന ഭവന പദ്ധതികളായ BSUP/IHSDP ഫണ്ടിലെ സംസ്ഥാന വിഹിതത്തിന്റെ പലിശ തുകയിൽ നിന്നുമാണ് പ്രസ്തുത ജീവനക്കാരുടെ ഹോണറേറിയം 01.04.2025 മുതൽ 28.02.2026 വരെ നൽകിയിരുന്നത്. കൂടാതെ BSUP/IHSDP ഫണ്ടിൽ സംസ്ഥാന വിഹിതത്തിൽ ബാലൻസ് നിൽക്കുന്ന തുക തിരിച്ചടയ്ക്കുന്നതിന് സർക്കാർ നിർദ്ദേശം നൽകിയിട്ടുമുണ്ട്.

2) കുടുംബശ്രീ അക്കൗണ്ടിൽ ലഭ്യമായ BSUP/IHSDP ഫണ്ടിലെ സംസ്ഥാന വിഹിതത്തിന്റെ പലിശ തുകയിൽ നിന്നും 2026 ഫെബ്രുവരി മാസത്തെ വേതനം നൽകുന്നതിന് 31.38 ലക്ഷം രൂപ അനുവദിക്കുന്നതിന് അനുമതി നൽകിക്കൊണ്ട് പരാമർശം (5) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

3). പി.എം.എ.വൈ (നഗരം) ലൈഫ് പദ്ധതിയുടെ കാലാവധി 30.09.2026 വരെ ദീർഘിപ്പിച്ച സാഹചര്യത്തിൽ, പി.എം.എ.വൈ (നഗരം) - ലൈഫ് പദ്ധതിയുടെ സ്റ്റേറ്റ് ലെവൽ / സിറ്റി ലെവൽ ടെക്നിക്കൽ സെല്ലിലെ 68 (SLTC, CLTC) ജീവനക്കാർക്ക് ഒരു മാസം വേതനം നൽകുന്നതിനായി 31.32 ലക്ഷം രൂപ വീതവും മറ്റ് ചെലവുകളും കൂടി ചേർത്ത് 7 മാസത്തേയ്ക്ക് ആകെ 239.24 ലക്ഷം രൂപ ആവശ്യമായിട്ടുണ്ടെന്നും BSUP/IHSDP ഫണ്ടിൽ സംസ്ഥാന വിഹിതത്തിന്റെ പലിശയിനത്തിൽ തുക ലഭ്യമല്ലാത്ത സാഹചര്യത്തിൽ, കേന്ദ്ര സംസ്ഥാന ഭവന പദ്ധതികളായ BSUP/IHSDP ഫണ്ടിലെ സംസ്ഥാന വിഹിതത്തിൽ നിന്നും പ്രസ്തുത ജീവനക്കാരുടെ 01.03.2026 മുതൽ 30.09.2026 വരെയുള്ള 7 മാസക്കാലയളവിലെ വേതനത്തിനും മറ്റ് ചെലവുകൾക്കുമായി ആകെ 239.24 ലക്ഷം രൂപ അനുവദിക്കുന്നതിനുള്ള അനുമതി ലഭ്യമാക്കണമെന്നും കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം (6) പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു.

പി.എം.എ.വൈ. (നഗരം) ലൈഫ് പദ്ധതി ഒന്നാം ഘട്ടത്തിന്റെ കാലാവധി 30.09.2026 വരെ ദീർഘിപ്പിക്കുവാൻ കേന്ദ്ര സർക്കാർ അംഗീകാരം നൽകിയിട്ടുണ്ടെങ്കിലും പി.എം.എ.വൈ. (നഗരം) ലൈഫ് പദ്ധതി 2.0 ന്റെ ധാരണാപത്രത്തിൽ കേരള സർക്കാർ ഒപ്പുവച്ചിട്ടില്ലാത്ത സാഹചര്യത്തിൽ പി.എം.എ.വൈ (നഗരം) - ലൈഫ് പദ്ധതിയുടെ ഒന്നാം ഘട്ടത്തിന്റെ എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ നിലവിൽ അനുവദിക്കുന്നില്ല. പി.എം.എ.വൈ (നഗരം) - ലൈഫ് പദ്ധതി ഒന്നാം ഘട്ട പ്രകാരം, നിലവിൽ നിർമ്മാണത്തിലിരിക്കുന്ന വീടുകളുടെ പണി സംസ്ഥാനം പൂർത്തിയാക്കേണ്ടതുണ്ട്. പദ്ധതി നടത്തിപ്പിന് മേൽനോട്ടം വഹിക്കാനും നേതൃത്വം നൽകാനും ആവശ്യമായ ജീവനക്കാരുടെ അഭാവത്തിൽ ടി പദ്ധതി പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ സാധിക്കുന്നതല്ല.

5) മനുഷ്യ വിഭവ ശേഷിയുടെ പിന്തുണയില്ലാതെ പി.എം.എ.വൈ.(നഗരം) ലൈഫ് പദ്ധതിയുടെ ഒന്നാം ഘട്ടം പൂർത്തിയാക്കാൻ കഴിയില്ലെന്ന വസ്തുത കണക്കിലെടുത്ത് പി.എം.എ.വൈ (നഗരം) - ലൈഫ് സംസ്ഥാനതല/ നഗരതല സാങ്കേതിക സെല്ലുകളിലെ കരാർ ജീവനക്കാരുടെ 01.03.2026 മുതൽ 30.09.2026 വരെയുള്ള 7 മാസക്കാലയളവിലെ വേതനത്തിനും മറ്റ് ചെലവുകൾക്കുമായി ആകെ 239.24 ലക്ഷം രൂപ (രണ്ടു കോടി മുപ്പത്തി ഒൻപത് ലക്ഷത്തി ഇരുപത്തി നാലായിരം രൂപ മാത്രം) അനുവദിക്കാനുള്ള കുടുംബശ്രീ ഡയറക്ടറുടെ ശുപാർശ ; മുൻ സർക്കാർ ഉത്തരവുകളുടെ തുടർച്ചയായി അംഗീകരിച്ചുകൊണ്ട് കേന്ദ്ര സംസ്ഥാന ഭവന പദ്ധതികളായ BSUP/IHSDP ഫണ്ടിലെ സംസ്ഥാന വിഹിതത്തിൽ നിന്നും അനുവദിക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ലീന എൻ പി

അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്,തിരുവനന്തപുരം

ഡയറക്ടർ, നഗരകാര്യ വകുപ്പ്, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം

ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ( എ&ഇ /ഓഡിറ്റ്),കേരള, തിരുവനന്തപുരം

ധനകാര്യ ( വനിത ശിശു വികസന) വകുപ്പ്

ഇൻഫർമേഷൻ ഓഫീസർ,വെബ്&ന്യൂ മീഡിയ ,ഐ.&പി.ആർ.ഡി.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം

കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Thomas. T.j
Date: 21-05-2026 16:55:54

സെക്ഷൻ ഓഫീസർ